**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3462** **05-08-2021 - ൽ മറുപടിയ്ക്ക്**

**നബാർഡിന്റെ വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എൻഡോസൾഫാൻ പാക്കേജിന്റെ ഭാഗമായി കാസർകോട് ജനറൽ ആശുപത്രിക്ക് വേണ്ടി നിർമ്മിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിന് നബാർഡിന്റെ വായ്പ ഉണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | എൻഡോസൾഫാൻ പാക്കേജിന്റെ ഭാഗമായി കാസർകോട് ജനറൽ ആശുപത്രിക്ക് വേണ്ടി നിർമ്മിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിന് നബാർഡിന്റെ വായ്പ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ എത്ര കോടി രൂപയാണ് നബാർഡ് വായ്പ എന്നും നബാർഡിന്റെ ഏത് ട്രാൻഞ്ചിലാണ് ഇതുൾപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കാമോ; ട്രാൻഞ്ചിന്റെ കാലാവധി എപ്പോഴാണവസാനിക്കുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | എൻഡോസൾഫാൻ പാക്കേജിന്റെ ഭാഗമായി ട്രാഞ്ചെ XVIII-ൽ ഉൾപ്പെട്ട കാസർകോട് ജനറൽ ആശുപത്രിക്ക് 840 ലക്ഷം രൂപയുടെ മൊത്തം പദ്ധതി ചെലവിൽ 714 ലക്ഷം രൂപ നബാർഡ് ആർ.ഐ.ഡി.എഫ് വായ്പയാണ് അംഗീകരിച്ചിട്ടുള്ളത്. ട്രാഞ്ചെ XVIII-ന്റെ കാലാവധി 31.03.2020-ൽ അവസാനിച്ചു. |
| (സി) | ഈ കെട്ടിടത്തിന് തറക്കല്ലിട്ടത് എപ്പോഴാണെന്നും പ്രവൃത്തി ടെണ്ടർ ചെയ്തതെപ്പോഴാണെന്നും വ്യക്തമാക്കാമോ; ടെണ്ടർ തുക എത്രയാണെന്നും ഇതുവരെ എത്ര രൂപയുടെ പ്രവൃത്തി ചെയ്തുവെന്നും കരാറുകാരന് എത്ര രൂപ ഇതിനകം നൽകിയെന്നും വ്യക്തമാക്കാമോ; | (സി) | 2017 ജനുവരി 19ലാണ് ഈ കെട്ടിടത്തിന് തറക്കല്ലിട്ടത്. പ്രവൃത്തി ടെണ്ടർ ചെയ്തത് 28.12.2016 ലാണ്. ടെണ്ടർ തുക 8,75,38,209/- രൂപയാണ്. കരാറുകാരന് ഇതുവരെ 4,31,35,509/-രൂപ അനുവദിച്ചു നല്കിയിട്ടുണ്ട്. |
| (ഡി) | കരാറുകാരന് തുക നൽകാൻ ബാക്കിയുണ്ടെങ്കിൽ കാരണമെന്താണെന്നും ഇപ്പോൾ മുടങ്ങിക്കിടക്കുന്ന പ്രവൃത്തി തുടരാത്തത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ? | (ഡി) | ട്രാഞ്ചെ XVIII-ന്റെ കാലാവധി 31.03.2020-ന് അവസാനിച്ചു. പ്രസ്തുത പദ്ധതിക്കായി 6.25 കോടി രൂപയുടെ ബില്ല് സമർപ്പിക്കുകയും അതിൻപ്രകാരം സമയപരിധിക്കുള്ളിൽ സമർപ്പിച്ച 4കോടി രൂപയുടെ റിലീസ് നബാർഡും സർക്കാരും ടി പ്രവൃത്തിക്കായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നബാർഡ് നിഷ്കർഷിച്ച സമയപരിധിക്കുള്ളിൽ പണി പൂർത്തീകരിച്ച് ബില്ല് സമർപ്പിക്കാത്തതിനാൽ ശേഷിക്കുന്ന 4.4കോടി രൂപയുടെ പ്രവൃത്തിക്ക് നബാർഡ് വായ്പയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. പ്രസ്തുത തുക ജില്ലാ കളക്ടർ മറ്റു പദ്ധതി ചെലവുകളിൽ നിന്നും കണ്ടെത്തേണ്ടതാകുന്നു. |

സെക്ഷൻ ഓഫീസർ